## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1708

18.06.2012 -ൽ മറുപടിയ്ക്ക്

**അംഗീകാരമില്ലാത്ത ചിട്ടിക്കമ്പനികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.അജിത് | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര ചിട്ടിക്കമ്പനികൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ വിവരം ജില്ലതിരിച്ച് വ്യക്തമാക്കാമോ ; | (എ) | 30.04.2012 ൽ കേന്ദ്ര ചിട്ടി നിയമമായ ചിറ്റ് ഫണ്ട്സ് ആക്ടിന് സംസ്ഥാനത്ത് പ്രാബല്യം കൊടുത്ത് കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്നതുവരെ സംസ്ഥാനത്ത് നിലനിന്നിരുന്നത് 1975 ലെ കേരള ചിട്ടീസ് ആക്ടാണ്. പ്രസ്തുത നിയമത്തിൽ ചിട്ടി കമ്പനികൾക്ക് അംഗീകാരമോ, രജിസ്ട്രേഷനോ നൽകുന്നതിനുള്ള വ്യവസ്ഥയില്ല. ആയതിനാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത ചിട്ടിക്കമ്പനികളെക്കുറിച്ചുള്ള വിവരം ലഭ്യമല്ല. |
| (ബി) | ഇവയ്ക്കെതിരെ എന്തുനടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (ബി) | ബാധകമല്ല |
| (സി) | അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നു എന്ന് ഗവൺമെന്റ് കണ്ടെത്തിയ ഏതെങ്കിലും കമ്പനികൾ വീണ്ടും പ്രവർത്തനം തുടങ്ങിയതായി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ